**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1819** **08-10-2021 - ൽ മറുപടിയ്ക്ക്**

**മുക്കം-മാമ്പറ്റ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന മുക്കം മാമ്പറ്റ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മുക്കം മാമ്പറ്റ, തിരുവമ്പാടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 6.11 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സ്വാഭാവിക പുൽത്തകിടിയോടു കൂടിയുള്ള ഫുട്ബോൾ ടർഫ്, 6 ലെയ്ൻ 200 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട്, ചെയ്ഞ്ചിങ് റൂം, ടോയ്ലെറ്റ് സൗകര്യം, ഗ്യാലറി എന്നിവ ആണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ ടെണ്ടർ പ്രകാരമുള്ള ബിഡ് കാലാവധി കഴിഞ്ഞുപോയതിനാൽ പദ്ധതിയുടെ റീടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ 4 പേർ പങ്കെടുക്കുകയും 3 കരാറുകാർ സാങ്കേതിക പരിശോധനയിൽ യോഗ്യതനേടുകയും ചെയ്തിരുന്നു. തുടർന്ന് 05.10.2021-ന് പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തിട്ടുണ്ടെന്നുമാണ് എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുള്ളത്. ആയതിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ടെണ്ടറുകൾ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി, മുമ്പാകെ സമർപ്പിക്കുകയും കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. |
| (ബി) | നടപടിക്രമങ്ങൾ വേഗത്തിലാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മുക്കം മാമ്പറ്റ, തിരുവമ്പാടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 6.11 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സ്വാഭാവിക പുൽത്തകിടിയോടു കൂടിയുള്ള ഫുട്ബോൾ ടർഫ്, 6 ലെയ്ൻ 200 മീറ്റർ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, വോളീബോൾ കോർട്ട്, ചെയ്ഞ്ചിങ് റൂം, ടോയ്ലെറ്റ് സൗകര്യം, ഗ്യാലറി എന്നിവ ആണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ടെണ്ടർ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയിരുന്നു. എന്നാൽ ടെണ്ടർ പ്രകാരമുള്ള ബിഡ് കാലാവധി കഴിഞ്ഞുപോയതിനാൽ പദ്ധതിയുടെ റീടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ 4 പേർ പങ്കെടുക്കുകയും 3 കരാറുകാർ സാങ്കേതിക പരിശോധനയിൽ യോഗ്യതനേടുകയും ചെയ്തിരുന്നു. തുടർന്ന് 05.10.2021-ന് പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്തിട്ടുണ്ടെന്നുമാണ് എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുള്ളത്. ആയതിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ടെണ്ടറുകൾ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി, മുമ്പാകെ സമർപ്പിക്കുകയും കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ